# Kerala Hotel & Restaurant Association

**STATE COMMITTEE**

SERVICE TO SATISFY

II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035, Phone : 0484 2366602


സംസ്ഥാനതലവാർത്ത

20.09.2021

## പ്രസ്സ് റിലീസ്

**ഹോട്ടലുകളിൽ ഡൈനിംഗ് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് സെക്രട്ടറിയേറ്റ് നടയിൽ പ്രതിഷേധ ധർണ്ണ നടത്തും – കെ.എച്ച്.ആർ.എ.**

സംസ്ഥാനത്ത് പ്രൈമറി വിദ്യാലയങ്ങൾ വരെ തുറക്കാൻ തീരുമാനമെടുത്ത സംസ്ഥാനസർക്കാർ ഹോട്ടലുകളിൽ ഡൈനിംഗ് അനുവദിക്കാത്തത് കടുത്ത വിവേചനമാണെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ. ഹോട്ടലുകളിൽ ഡൈനിംഗ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശക്തമായ പ്രതിഷേധ സമരങ്ങൾ ആരംഭിക്കുവാൻ സംഘടന തീരുമാനിച്ചു. സമരത്തിന്റെ ആദ്യഘട്ടമായി സെപ്തംബർ 22ന് സെക്രട്ടറിയേറ്റ് നടയിൽ സംസ്ഥാനഭാരവാഹികളുടെ നേതൃത്വത്തിൽ ധർണ്ണ നടത്തുവാനും ധർണ്ണക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എല്ലാ ജില്ലാആസ്ഥാനങ്ങളിലും യൂണിറ്റുകളിലും പ്രതിഷേധ പ്രകടനവും നടത്തുന്നതാണ്. എല്ലാ മേഖലകളും തുറന്ന് കൊടുത്തിട്ടും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഹോട്ടലുകൾമാത്രം തുറന്ന് പ്രവർത്തിക്കുവാൻ അനുമതി നൽകാത്തതിനുപിന്നിൽ മറ്റ് നിക്ഷിപ്ത താൽപര്യങ്ങളുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ ചെറുകിട ഇടത്തരം ഭക്ഷണവിതരണ മേഖലയിൽ കുത്തക ഓൺലൈൻ കമ്പനികൾക്ക് കടന്നുകയറുവാൻ സഹായകരമായ നിലപാടാണ് ഇപ്പോൾ സർക്കാർ സ്വീകരിക്കുന്നത്. കൊവിഡ് രണ്ടാം തംരംഗം ആരംഭിച്ചപ്പോൾ ഏറ്റവും ആദ്യം നിയന്ത്രണം ഏർപ്പെടുത്തിയ മേഖലയാണ് ഹോട്ടൽ മേഖല. സംസ്ഥാനത്ത് ഇപ്പോൾ കൊവിഡ് നിയന്ത്രണവിധേയമാണെന്നും വാക്സിനേഷൻ 90 ശതമാനത്തോളം പൂർത്തിയായതിനാൽ കൊച്ചുകുട്ടികൾ പഠിക്കുന്ന സ്കൂളുകൾവരെ തുറക്കാൻ അനുമതി നൽകിയ വിദഗ്ധ സമിതി ഹോട്ടലുകളിൽ ഡൈനിംഗ് പാടില്ലായെന്ന വാശിപിടിക്കുന്നത് ദുരുദ്ദേശപരമാണ്. സാധാരണക്കാരായ പൊതുസമൂഹം നേരിടുന്ന ബുദ്ധിമുട്ടുകൾ മനസിലാക്കാത്ത ഉന്നത ഉദ്യോഗസ്ഥരുടെ ഉപദേശം സ്വീകരിക്കാതെ പ്രായോഗികതീരുമാനം എടുക്കുവാൻ മുഖ്യമന്ത്രിയും സർക്കാരും തയ്യാറാകണം. സ്വയം തൊഴിൽകണ്ടെത്തി ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്ന ഹോട്ടൽ മേഖലയെ സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്ത്നിന്നുണ്ടാകണമെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ് മൊയ്തീൻകുട്ടിഹാജിയും, ജനറൽസെക്രട്ടറി ജി. ജയപാലും ആവശ്യപ്പെട്ടു.


**മൊയ്തീൻകുട്ടി ഹാജി**
പ്രസിഡന്റ്
9605888700

**ജി. ജയപാൽ**
ജനറൽ സെക്രട്ടറി
9544844446